2969/18/ത.സ്വ.ഭ.വ പ്രകാരം തൃപ്പൂണിത്തുറ നഗരസഭയ്ക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന്, 28-10-2019-ലെ സ.ഉ. (സാധാ) നമ്പർ 3043/2019/RD പ്രകാരം ആധുനിക ബസ് സ്റ്റാന്റും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിന് 1030 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ഭാവിയിലുണ്ടാകാവുന്ന ബാദ്ധ്യത കണക്കിലെടുത്ത് തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി പ്രസ്തുത നിർമ്മാണപ്രവൃത്തിയിൽനിന്നും പിൻമാറുകയും നിർമ്മാണച്ചുമതല KMRL-നെ ഏൽപ്പിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. പ്രസ്തുത റോഡ് നിർമ്മാണത്തിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, തൃപ്പൂണിത്തുറ നഗരസഭ എന്നിവരാരുംതന്നെ ഉറപ്പ് നൽകിയിട്ടില്ല.

**കൊല്ലം മണ്ഡലത്തിലെ ഉൾനാടൻ ജലഗതാഗത പദ്ധതി**

84 (4808) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡല പരിധിയിൽ ഉൾനാടൻ ജലഗതാഗത വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കുമോ; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

കൊല്ലം നിയോജകമണ്ഡല പരിധിയിൽ ഉൾനാടൻ ജലഗതാഗത വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ, അവയുടെ നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർക്കുന്നു*.

**കുണ്ടറ മണ്ഡലത്തിലെ ഉൾനാടൻ ജലഗതാഗത പദ്ധതികൾ**

85 (4809) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിവയുടെ വിവരം തരം തിരിച്ച് നൽകാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ നിലവിൽ ടെണ്ടർ ചെയ്തിട്ടുള്ളതോ, ഉടമ്പടി വച്ചിട്ടുള്ളതോ ആയ പദ്ധതികളൊന്നും തന്നെയില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly